ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥികൾ വിജയിച്ചതായി ഫല പ്രഖ്യാപനം വന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണ്. കാരണം, കോടതിയുടെ നിർദ്ദേശമനുസരിച്ച് വോട്ടിംഗ് നടന്നശേഷം രണ്ട് പെട്ടികളും കോടതിയിൽ സമർപ്പിക്കുകയാണു ചെയ്തത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം ഗവൺമെന്റിന്റെ മുമ്പിൽ പ്രത്യേക പരാതിയായി ഇതിനകം വന്നിട്ടില്ല. ഈ തെരഞ്ഞെടുപ്പു സംബന്ധിച്ച് പ്രത്യേകിച്ച് പരാതി എന്തെങ്കിലും ഉണ്ടെങ്കിൽ അത് പ്രത്യേകിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അവിടെ ഇപ്പോൾ പ്രത്യേക സാഹചര്യമൊന്നുമില്ല. ഇത്തരം ചില പ്രവണതകൾ പൊതുവിൽ വരുമെന്നുള്ളതുകൊണ്ടാണ് നമ്മളുദ്ദേശിക്കുന്ന ബില്ലിൽ ഇലക്ഷൻ കമ്മീഷണറെത്തന്നെ നിശ്ചയിച്ചുപോകുക, സഹകരണ മേഖലയിൽ സമാധാന പരമായിട്ടുള്ള രീതി ഉറപ്പുവരുത്തുക, അതിന് ഇലക്ഷൻ കമ്മിഷണറെ വയ്ക്കുക എന്നൊക്കെ പറയാൻ ഇടവന്നത്. അതുകൊണ്ട് എന്തെങ്കിലും ക്രമക്കേടു സംബന്ധിച്ച് പ്രത്യേക പരാതി ലഭിച്ചാൽ തീർച്ചയായും അതന്വേഷിച്ച് ആവശ്യമായ തീരുമാനമെടുക്കാം.

(2) മാവേലിക്കര ബൈബിൾ കോളേജ് പ്രിൻസിപ്പലിനെതിരെയുണ്ടായ അക്രമം

ശ്രീ. എം. മുരളി : സർ, അടിയന്തിര പ്രാധാന്യമുള്ള ഒരു വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്. വടക്കേ ഇന്ത്യയിൽ ആസ്ത്രേലിയൻ മിഷണറി സ്റ്റെയിൻസിനെയും മക്കളെയും ധാരാസിംഗിനെപ്പോലെയുള്ള ഭീകരവാദികൾ ചുട്ടുകരിച്ചപ്പോൾ, ദേവാലയങ്ങൾ കൊള്ള ചെയ്തപ്പോൾ, തകർത്തപ്പോൾ, കന്യാസ്ത്രീകളെ മാനഭംഗപ്പെടുത്തിയപ്പോൾ സാക്ഷര കേരളം പ്രബുദ്ധകേരളമെന്ന് അഭിമാനിച്ച നമ്മൾ പറഞ്ഞു, നാം ഇതിനെല്ലാം അതീതമാണെന്ന്. മതേതരത്വത്തിന്റെ പ്രതീകമാണെന്ന് നമ്മൾ അഭിമാനിച്ചുവെങ്കിൽ ആ അഭിമാനത്തിന്റെ ഉടയാട ഉരിഞ്ഞുവീണ സംഭവമാണ് ഈ സഭ തുടങ്ങിയ ദിവസം തിങ്കളാഴ്ച വൈകിട്ട് എന്റെ നിയോജക മണ്ഡലമായ മാവേലിക്കരയിലുണ്ടായത്. മാവേലിക്കരയിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ഇന്ത്യൻ ഇവാഞ്ചലിക്കൽ മിഷൻ നടത്തുന്ന ബൈബിൾ കോളേജിന്റെ പ്രിൻസിപ്പലിനെ നെഞ്ചിൽ കുത്തേൽപ്പിക്കുകയും അവിടത്തെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഒരു സംഘം സാമൂഹ്യ ദ്രോഹികൾ ക്രൂരമായി, സായുധരായി ആക്രമിക്കുകയും ചെയ്ത സംഭവമാണത്. അതിൻമേൽ അടിയന്തിര നടപടികൾ സ്വീകരിച്ചുകൊണ്ട്, കുറ്റവാളികളുടെമേൽ കർശനമായ നടപടികൾ സ്വീകരിച്ച് അവരെ കൈയാമം വയ്ക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ കേരളത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിപ്പിച്ച ഒരു സംഭവം നടന്നിട്ട് മൂന്നു ദിവസമായിട്ടും കുറ്റവാളികളെ കണ്ടെത്താനോ, അവരെ അറസ്റ്റു ചെയ്യാനോ ഗവൺമെന്റ് ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ കൊണ്ടുവന്നിരിക്കുന്നത്. (ബഹളം) ..... ആരാണെന്ന് മുഖ്യമന്ത്രി പറയും. ..... (ബഹളം) ..... ആരായാലും അവരെ അറസ്റ്റു ചെയ്യണമെന്നാണ് ഞാൻ പറയുന്നത്. .....(ബഹളം)..... ആരാണെന്ന് മുഖ്യമന്ത്രി പറയും. ..... (ബഹളം) .....

സർ, കേരളത്തിലും ഇതുണ്ടായിരിക്കുന്നു. നിങ്ങൾ ഭരിക്കുന്ന കേരളത്തിലും ഉണ്ടായിരിക്കുന്നു. ..... (ബഹളം) ..... ഇന്ത്യാ ഇവാഞ്ചലിക്കൽ മിഷൻ ബൈബിൾ കോളേജിനോടൊപ്പം അവിടെ അനാഥക്കുഞ്ഞുങ്ങൾക്കായിട്ട് ഒരു അനാഥാലയം നടത്തുന്നുണ്ട്. നാനാജാതി

LIBRARY ARCHIVES Kerala Legislative Assembly

മതസ്ഥരായ കുട്ടികൾ പഠിക്കുന്ന, അവർ ജീവിക്കുന്ന ആ അനാഥമന്ദിരത്തിലാണ് ഇന്ത്യാ ഇവാഞ്ചലിക്കൽ മിഷൻ നടത്തുന്നത്. ബൈബിൾ കോളേജിൽ വൈദിക പഠനത്തിന് ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾ അവിടെ പഠിച്ചുകൊണ്ടിരിക്കുന്നു. തിങ്കളാഴ്ച വൈകിട്ട് കോളേജദ്ധ്യാപകനായ പി.കെ. അഭിലാഷ് വാടകയ്ക്ക് താമസിക്കുന്ന തൊട്ടടുത്തുള്ള വസതിയിൽ, അദ്ദേഹത്തിന്റെ ഭാര്യ അടുത്ത ദിവസം പ്രസവത്തിനു പോകുന്നതിനാൽ കോളേജ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രാർത്ഥനയ്ക്ക് എത്തി. പ്രാർത്ഥന കഴിഞ്ഞ് അവർ വിദ്യാലയത്തിലേയ്ക്ക് മടങ്ങുന്നേരമാണ് ഒരു സംഘം അക്രമികൾ ആയുധധാരികളായി വന്ന് എം.പി. ഫിലിപ്പ് എന്ന പ്രിൻസിപ്പലിനെ കുത്തി പരിക്കേൽപ്പിച്ചത്. അദ്ധ്യാപകൻ ബാബു പോളിനെ മാരകായുധങ്ങളുമായി ആക്രമിച്ചു. മണിപ്പൂരിൽനിന്നുള്ള അഞ്ചു വിദ്യാർത്ഥികൾക്കും അക്രമത്തിൽ മാരകമായി പരിക്കേറ്റു. കൊലവിളി നടത്തി മുന്നേറിയ അക്രമിസംഘം അഭിലാഷ് എന്ന അധ്യാപകന്റെ ഗർഭിണിയായ ഭാര്യയുള്ള വസതി ആക്രമിച്ചു തകർത്തു. അക്രമസംഭവം നടന്ന് മൂന്നു ദിവസം കഴിഞ്ഞിട്ടും ഇതുവരെ പ്രതികളെ അറസ്റ്റു ചെയ്തിട്ടില്ല. ഇന്ത്യാ ഇവാഞ്ചലിക്കൽ മിഷൻ അനാഥാലയവും ബൈബിൾ കോളേജും മാത്രമേ അവിടെ നടത്തുന്നുള്ളൂ. അവർ മറ്റു ..... (ബഹളം) .....എനിക്കു സംസാരിക്കാൻ അവസരം തരേണ്ട സർ .....

<u>മി. സ്പീക്കർ</u> : ആവശ്യംപോലെ സമയം തന്നു.....(ബഹളം) .....

<u>ശ്രീ. എം. മുരളി</u> : ഇങ്ങനെ ബഹളമുണ്ടാക്കിയാൽ എങ്ങനെയാണ്? അവർ മതപ്രചരണം നടത്തുന്നില്ല. മറ്റൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല. വടക്കേ ഇന്ത്യയിൽ പള്ളികൾ തകർക്കുമ്പോൾ, കന്യാസ്ത്രീകളെ ആക്രമിക്കുമ്പോൾ നമ്മൾ മാത്രം ഇതൊന്നും കേരളത്തിൽ നടക്കുന്നില്ല എന്നു അഭിമാനിച്ചുവെങ്കിൽ-പത്രങ്ങൾ വലിയ പ്രചരണം കൊടുത്തില്ല. അതൊരു ഭാഗ്യമായി. ഇവിടെയുണ്ടായിരിക്കുന്നത് സാക്ഷര കേരളത്തെ ലജ്ജിപ്പിക്കുന്ന സംഭവമാണ്. ഈ സംഭവം ആരംഭത്തിൽതന്നെ നുള്ളിക്കളയണം മാവേലിക്കരയിൽ ഇതിനുത്തരവാദികളായവരെ കയ്യാമംവച്ച് കൽത്തുറുങ്കിലടയ്ക്കാൻ, ഈ സംഭവം ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. മൂന്നു ദിവസമായിട്ടും പ്രതികളെ അറസ്റ്റു ചെയ്തിട്ടില്ല, എന്ന കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഇ.കെ. നായനാർ</u>) : സർ, ബഹുമാനപ്പെട്ട മെമ്പർക്ക് അക്രമികൾ ആരാണെന്നറിയില്ല. അക്രമികളാണെന്നേ അറിയാവൂ. ബഹുമാനപ്പെട്ട മെമ്പർക്ക് തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമാണ് അക്രമികൾ. ആലപ്പുഴ/മാവേലിക്കര/കല്ലുമല ഇന്ത്യൻ ഇവാഞ്ചലിക്കൽ ബൈബിൾ കോളേജ് പ്രിൻസിപ്പാൾ ശ്രീ. ഫിലിപ്പിനെയും കൂടെയുണ്ടായിരുന്ന ബാബു പോൾ, റാഹേൽ എന്നിവരേയും 13.12.1999-ന് രാത്രി ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകരായ..... (ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകരാണെന്ന് ഒരക്ഷരം പറയാൻ ബഹുമാനപ്പെട്ട മെമ്പർക്ക് ധൈര്യമുണ്ടോ?) ..... ആളുകൾ ചേർന്ന് ദേഹോപദ്രവം ഏൽപ്പിച്ചതായാണ് റിപ്പോർട്ട്. ഇതു സംബന്ധിച്ച് പുറത്തേക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 216/99 ആയി ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകരായ ശശിയുടെ മകൻ വിനോദ്, കരുണാകരന്റെ മകൻ ദിനേശൻ, കരുണാകരന്റെ മകൻ ഗണേശൻ, പീതാമ്പരന്റെ മകൻ ഉണ്ണി, ശങ്കരനാരായണപിള്ളയുടെ മകൻ ഗണേശൻ, ശങ്കരനാരായണപിള്ളയുടെ മകൻ പ്രദീപ് തുടങ്ങിയവർക്കെതിരായി കേസെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തു. അവർ ഒളിവിലാണ്. ബഹുമാനപ്പെട്ട മെമ്പർക്ക് ഒരൊറ്റ പേരു പറയാൻ കഴിഞ്ഞില്ല. ഈ മെമ്പർ എവിടെയാണ്? ആർ.എസ്.എസ്സിന്റെ കൂടെയാണോ? ആർ.എസ്.എസ്.-ബി.ജെ.പി.യുടെകൂടെയാണോ?.....(ബഹളം)..... അവർ ഒളിവിലാണ്. സ്ഥലത്ത് പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്, പട്രോളിംഗ് ശക്തിമത്തായി നടത്തുന്നുണ്ട്. കേസന്വേഷണം തുടർന്നുവരുന്നു.

(3) കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയിലെ ജീവനക്കാർക്ക് കെ.എസ്.ആർ. ബാധകമാക്കുന്നതു സംബന്ധിച്ച്

ശ്രീ. കെ. ബാബു : സർ, തൃക്കാക്കരയിൽ പ്രവർത്തിക്കുന്ന കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയിലെ ജീവനക്കാർ സംയുക്തമായി (ഐ.എൻ.ടി.യു.സി, സി.ഐ.ടി.യു, എ.ഐ.ടി.യു.സി എന്നീ സംഘടനകൾ ഒരുമിച്ചു ചേർന്നുകൊണ്ട്) കുറെ ദിവസമായി സമരത്തിലാണ്. അവർ സമരത്തിലുന്നയിക്കുന്ന പ്രശ്നം അച്ചടിവകുപ്പിലെ മറ്റു പ്രസ്സുകളിലെ ജീവനക്കാരോടൊപ്പം തന്നെ ഈ പ്രസ്സിലെ ജീവനക്കാർക്കും കേരളാ സർവ്വീസ് റൂൾസ് ബാധകമാക്കണമെന്നുള്ളതാണ്. 10.6.98-ൽ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണൻ വിളിച്ചുകൂട്ടിയ യോഗത്തിൽ വച്ച് തൃക്കാക്കര പ്രസ്സിലെ, കെ.ബി.പി.എസ്സിലെ ജീവനക്കാർക്ക് കെ.എസ്.ആർ നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. അന്ന് എടുത്ത തീരുമാനത്തിലെ രണ്ടു വാചകം ഞാൻ വായിക്കാം. "The Unions made it clear that they are prepared and ready to forego any benefit additionally enjoyed by them. Now in comparison to Government Employees, while introducing KSR for two reasons mainly that there will be just a joint security and pension. In view of this Union's unanimous opinion among the Unions, it has been decided to implement the proposal to convert KBPS as a Government Run Printing Unit under General Education Department. It has also been decided to constitute a Three Member Committee to identify equated catagories under the State Government and the KBPS and to suggest the pay structure to be given".

ഇങ്ങനെ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് ഈ കാര്യത്തിൽ ഒരു തീരുമാനമുണ്ടായി. ആ തീരുമാനം നടപ്പാക്കുന്നതിന് ഇന്ന് ധനകാര്യവകുപ്പു സമ്മതിക്കുന്നില്ല എന്നാണ് പറയുന്നത്. യഥാർത്ഥ വസ്തുത എനിക്കറിഞ്ഞുകൂടാ. ഐ.എൻ.ടി.യു.സി, എ.ഐ.ടി.യു.സി, സി.ഐ.ടി.യു. തുടങ്ങിയ എല്ലാ യൂണിയനിൽപ്പെട്ട ആളുകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കണ്ട് നിവേദനം കൊടുത്തു. അദ്ദേഹം ഈ കാര്യം പരിശോധിക്കാമെന്നു ഞങ്ങൾക്ക് ഉറപ്പു നൽകുകയുണ്ടായി. പക്ഷെ ഇതുവരെ ഒരു തീരുമാനവുമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനം നടപ്പാക്കുന്നതിനുവേണ്ടിയാണ് തൃക്കാക്കര കെ.ബി.പി.എസ്സിലെ പ്രസ്സിലെ ജീവനക്കാർ സമരം നടത്തുന്നത്. അതുകൊണ്ട് ഈ പ്രശ്നത്തിന് ഗവൺമെന്റ് എടുത്ത തീരുമാനം നടപ്പാക്കുന്നതിനു അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നാണ് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, കെ.ബി.പി.എസ്സിലെ ജീവനക്കാർ കെ.എസ്.ആർ നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമരം നടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ സ്കൂൾ കുട്ടികൾക്കാവശ്യമായ പാഠപുസ്തക

LIBRARY ARCHIVES Kerala Legislative Assembly